I/87424/2023

DWCD/1048/2022-ICDSB3

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ 0471-2346508
E-മെയിൽ- icdsbsection@gmail.com

തീയതി : 20-03-2023

**സർക്കുലർ**

വിഷയം: വനിത ശിശു വികസന വകുപ്പ് - ഐ സി ഡി എസ് - "കുട്ടിക്കുരുന്നുകൾക്ക് ഇരട്ടി കരുത്ത്" പോഷകബാല്യം - പദ്ധതി ടെണ്ടർ / ക്വട്ടേഷനുകളുടെ കാലാവധി സംബന്ധിച്ച്.

സൂചന:
1. ഈ കാര്യാലയത്തിലെ 02.10.2022 ലെ ഇതേ നമ്പർ സർക്കുലർ
2. വനിത ശിശു വികസന ഡയറക്ടറുടെ 23.02.2023 ലെ DWCD/1047/2022-ICDSB3, DWCD/1048/2022-ICDSB3 നമ്പർ ഉത്തരവുകൾ
3. ഈ കാര്യാലയത്തിലെ 16.03.2023 ലെ ഇതേ നമ്പർ കത്ത്

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പോഷകബാല്യം പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ പാൽ,മുട്ട വിതരണം ചെയ്യുന്നതിനായി സൂചന (2),(3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ്/കത്ത് പ്രകാരം 2023 മാർച്ച് 20 വരെയുള്ള തുക അനുവദിക്കുകയും ശിശു വികസന പദ്ധതി ഓഫീസർമാർ മാർച്ച് മാസം 20 വരെയുള്ള പാൽ / മുട്ട വിതരണം ചെയ്തതിന് ശേഷം അടിയന്തിരമായി ബിൽ മാറാനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. 2023 മാർച്ച് 20 ന് ശേഷമുള്ള ടെണ്ടർ / ക്വട്ടേഷനുകളെക്കുറിച്ചും പദ്ധതിയെക്കുറിച്ചും ചുവടെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തുന്നു.

തടസം കൂടാതെ പദ്ധതി തുടർന്ന് പോകുന്നതിന് മുട്ടയുടേയും പാലിന്റെയും ടെൻഡർ/ ക്വട്ടേഷൻ കാലാവധി ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ ദീർഘിപ്പിക്കുന്നു. നിലവിലെ ടെണ്ടർ/ക്വട്ടേഷനുകളിൽ പദ്ധതി നിർവഹണം സാധ്യമാകാത്ത പക്ഷം **നിലവിലെ തുകയിലോ വ്യവസ്ഥകളിലോ വ്യത്യാസം ഇല്ലാതെ** പുതിയ ടെണ്ടർ/ക്വട്ടേഷൻ നടപടി സ്വീകരിക്കാവുന്നതും, പദ്ധതിക്ക് തടസം നേരിടാതിരിക്കാൻ, ടി ഇടവേളയിൽ വൌച്ചർ സിസ്റ്റം അവലംബിക്കാവുന്നതുമാണ്.

2023-24 സാമ്പത്തിക വർഷത്തിലും ഇപ്പോൾ തുടരുന്നത് പോലെ പോഷകബാല്യം പദ്ധതി തുടർന്നും നടപ്പിലാക്കേണ്ടതാണ്. യാതൊരു കാരണവശാലും പദ്ധതിയിൽ തടസ്സം ഉണ്ടാകുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്

PRIYANKA G
**വനിത ശിശുവികസന ഡയറക്ടർ**

1. എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
3. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
4. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

I/87424/2023

5 സ്റ്റോക്ക് ഫയൽ/സ്പെയർ

Signed by Priyanka G
Date: 20-03-2023 17:39:18